# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2935 07.02.2018 ൽ മറുപടിക്ക്**

**പൊതുമരാമത്ത് പ്രവൃത്തികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ബാബു | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്ന പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | എ) സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്ന പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി തീർക്കുന്നതിന്റെ ഭാഗമായി ഓൺ ലൈൻ സംവിധാനമായ പ്രൈസ് സോഫ്റ്റ് വെയർ മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുകയും തുടർന്ന് സാങ്കേതികാനുമതി നൽകി ഇ-ടെണ്ടറിംഗ് സംവിധാനത്തിലൂടെ ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവർത്തികൾ നടപ്പിലാക്കുന്നു. കൂടാതെ വികസന പ്രവർത്തികൾക്കാവശ്യമായ സ്ഥലം ഉറപ്പാക്കിയതിനുശേഷം മാത്രം പ്രവർത്തികളുടെ ടെണ്ടർ ചെയ്യുന്ന രീതിയും നടപ്പിലാക്കിയിട്ടുണ്ട്. പ്രവർത്തികളുടെ എഗ്രിമെന്റിൽ പറഞ്ഞിരിക്കുന്ന കാലയളവിൽ തന്നെ പൂർത്തീകരിക്കുന്നതിനായി വകുപ്പിലെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്. സംസ്ഥാനത്തെ പൊതുമരാമത്ത് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന്റെയും കൂടി ഭാഗമായി സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) പൊതുമരാമത്ത് വകുപ്പ് കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ? | ബി) പൊതുമരാമത്ത് വകുപ്പ് കാര്യക്ഷമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>1. എല്ലാ ജീവനക്കാർക്കും ട്രെയിനിംഗ് നൽകി വരുന്നു.<br>2. വകുപ്പുതല വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്.<br>3. പുതിയകാലം പുതിയ നിർമ്മാണം എന്ന ആശയം പ്രാബല്യത്തിൽ കൊണ്ടുവന്നു.<br>4. സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം നടപ്പിൽ വരുത്തി.<br>5.വകുപ്പിൽ നിലനിന്നിരുന്ന ഒഴിവുകൾ പി എസ് സി നിയമനം വഴി നികത്തി വരുന്നു. |

6.ഡിസൈൻ, ഇൻവെസ്റ്റിഗേഷൻ വിംഗുകൾ ശക്തിപ്പെടുത്തി.

7.ക്വാളിറ്റി ഓഡിറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തി.

8. ആധുനിക സാങ്കേതിക വിദ്യകളിലും നിർമ്മാണ രീതികളിലും വകുപ്പിലെ എഞ്ചിനീയർമാർക്ക് പരിശീലനം നൽകിവരുന്നു.

9. പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി 5 ലക്ഷം രൂപയിൽ കൂടുതൽ അടങ്കൽ തുകയുള്ള പ്രവർത്തികൾക്ക് ഇ ടെണ്ടർ ഏർപ്പെടുത്തിയിട്ടുണ്ട്.

10. കരാറുകാരുടെ ബിൽ തുക നൽകുന്നതിനായി ഇ പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

11. ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി രണ്ടുതല ക്വാളിറ്റി സംവിധാനവും, 5 കോടിയിൽ കൂടുതലുള്ള പ്രവർത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗും നടത്തിവരുന്നു.

12.പ്രൈസ് സോഫ്റ്റ് വെയർ വഴി എസ്റ്റിമേറ്റുകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും അംഗീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

13. റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിന് പ്ലാസ്റ്റിക് മാലിന്യങ്ങൾ ടാറിൽ ചേർത്തുകൊണ്ടുള്ള റോഡ് നിർമ്മാണം, കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം എന്നിവ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

14. ടോൾ ഫ്രീ പരാതിപരിഹാര സെൽ വളരെ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്.

15. മരാമത്ത് പ്രവൃത്തികൾ ആധുനിക മെഷീനുകൾ ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ